മഹാതമാഗാന്ധി  ദശേീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യല് ഓഡിററ് റിപ്പോർട്ട്

## അഴൂർ ഗ്രാമപഞ്ചായത്ത്


വാർഡ് (2)ഗണപതിയാം കോവിൽ

പോത്തൻകോഡ് ബ്ലോക്ക്

തിരുവനന്തപുരം ജില്ല

സോഷ്യൽ ഓഡിററ് ഗ്രാമസഭ.

രാവിലെ 10:30.




16-11-2019 ശനി

അഴൂർ ഹൈസ്കൂൾ

ഓഡിററോറിയം

മഹാത്മാഗാന്ധി ദശേീയ ഗ്രാമീണതൊഴിലുറപ്പ്  നിയമം

സോഷ്യല് ഓഡിററ് സൊസൈററി കരേള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ്‍ നമ്പര്‍ 0471-2724696.Email.keralasocialaudit@gmail.com

# സോഷ്യല്‍ ഓഡിറ്റ് ഗ്രാമസഭ

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസര്‍ക്കാര്‍ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബര്‍ അഞ്ചിന് തൊഴിലുറപ്പ് പദ്ധതി നിലവില്‍ വന്നു. 2006 ഫെബ്രുവരിയില്‍ ഇന്ത്യയിലെ 200 ജില്ലകളില്‍ കൂടി ഈ പദ്ധതി ആരംഭിച്ചു. 2006ല്‍ കേരളത്തില്‍ വയനാട്, പാലക്കാട് ജില്ലകളില്‍ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008ല്‍ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളില്‍ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വര്‍ഷത്തില്‍ 100 ദിവസത്തില്‍ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളില്‍ താമസിക്കുന്നതും 18വയസ്സ് പൂര്‍ത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നല്‍കുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാര്‍ഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതല്‍ പ്രാധാന്യം നല്‍കുന്നു. തൊഴിലുറപ്പുപദ്ധതിയില്‍ ഇടനിലക്കാരോ ഇല്ല സെക്ഷന്‍ 17(A) പ്രകാരമാണ് സോഷ്യല്‍ ഓഡിറ്റ് നിലവില്‍ വന്നത്. ഫയല്‍ പരിശോധന, ഫീല്‍ഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യല്‍ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയില്‍ തൊഴിലാളികളില്‍ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

തിരുവനന്തപുരം ജില്ലയില്‍ പോത്തന്‍കോട് ബ്ലോക്കില്‍ അഴൂര്‍ ഗ്രാമപഞ്ചായത്തില്‍ ഗണപതിയാം കോവില്‍, മൂന്നാം വാര്‍ഡിലെ 2018- 19 ഒക്ടോബര്‍ 1മുതല്‍ മാര്‍ച്ച് 31 വരെയുള്ള കാലയളവിലെ സോഷ്യല്‍ ഓഡിറ്റ് റിപ്പോര്‍ട്ട് .

അഴൂർ ഗ്രാമപഞ്ചായത്തിൽ ആകെ 6,171 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 3094 ആക്ടീവ് തൊഴിൽകാർഡ് കുടുംബങ്ങൾ ഉണ്ട് .മൂന്നാം വാർഡ് ആയ ഗണപതിയാം കോവിൽ വാർഡിൽ 198 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 106 ആക്ടീവ തൊഴിൽകാർഡ് കുടുംബങ്ങൾ ഉണ്ട്.

**പരിശോധിച്ച ഫയലുകൾ**

**DP/268262 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ വർക്ക് 3 (ചന്ദ്രിക)**

**DP/268263 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (ശ്രീകല)**

**DP/268261 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (ഷീല)**

**DP/268260 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (സുധർമ്മ)**

**DP/271360 അഴൂർ ഹൈ സ്കൂൾ കോമ്പൗണ്ടിലെ ഭൂ വികസന പ്രവർത്തനം**

**DP/277972 വ്യക്തിഗത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ**

**DP/268264 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ വർക്ക് 4(ലൈലാ ബീവി)**

**ഫയൽ പരിശോധന**

- കവർപേജ് മുകളിൽ പറഞ്ഞ ഫയലുകളിൽ ഒന്നും തന്നെ കാണാൻ കഴിഞ്ഞില്ല.
- ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് ഇല്ലായിരുന്നു.
- ആക്ഷൻ പ്ലാൻ കോപ്പി **DP/277972 എന്ന ഫയലിൽ** ഉണ്ടായിരുന്നില്ല. ബാക്കി എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിരുന്നു
- ഡീറ്റയിൽഡ് എസ്റ്റിമേറ്റ് കോപ്പി സക്യൂറിൽ നിന്നും ഉണ്ടായിരുന്നു .
- സാങ്കേതിക അനുമതി സക്യൂറിൽ നിന്നും പഞ്ചായത്തിൽ നിന്നും ലഭ്യമായതിന്റെ കോപ്പി ഉണ്ടായിരുന്നു സക്യൂറിൽ നിന്ന് ലഭ്യമായ

കോപ്പിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് ഇല്ലായിരുന്നു.

- ഭരണാനുമതി ഉണ്ടായിരുന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് ഇല്ലായിരുന്നു.
- ഡിമാൻഡ് ഫോം **DP/277972 , Dp/268263 ഫയലുകളിൽ** ഇല്ലായിരുന്നു ബാക്കി ഫയലുകളിൽ ഉൾപ്പെടുത്തിയിരുന്നു .
- പ്രവർത്തി അനുവദിച്ച ഫോറം ഇല്ലായിരുന്നു .
- വേജ് ലിസ്റ്റ് ,fto ഇല്ലായിരുന്നു
- എം ബുക്ക് എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിരുന്നു.
- DP/277972 ഫയലിൽ സൈറ്റ് ഡയറി ഇല്ലായിരുന്നു ബാക്കി എല്ലാ ഫയലുകളും സൈറ്റ് ഡയറി ഉൾപ്പെടുത്തിയിരുന്നു
- DP/268263 ഫയലിൽ മസ്റ്റ്റോളുകൾ 16930,16931,12526,12527,16932 ൽ ട്രാവലിങ് എക്സ്പെൻസിന്റെ കോളത്തിൽ ടോട്ടൽ അമൗണ്ട് രേഖപ്പെടുത്തിയിരുന്നു.
- Dp/268261 ഫയലിലെ മസ്റ്റ്റോൾ 4557 ൽ 16-9-2018 തീയതിയിലെ ഒപ്പുകൾ ചുവന്ന മഷി ഉപയോഗിച്ച് വെട്ടിയിരിക്കുന്നു.

**ഫീൽഡ് പരിശോധന**

മുകളിൽ പറഞ്ഞിരിക്കുന്ന ഫയലിലെ ഫീൽഡ് പരിശോധനയിൽ നിന്നും ,

സി ഐ ബി ഉണ്ടായിരുന്നു എന്നാൽ അപൂർണമായിരുന്നു. ബോർഡ് സ്ഥാപിച്ചതിൻ്റെ ബില്ല് പഞ്ചായത്തിൽ ഏൽപ്പിച്ചിരുന്നു എങ്കിലും അതിൻ്റെ തുക ഇതുവരെയും ലഭിച്ചിട്ടില്ല .കുടിവെള്ളം തണൽ പ്രാഥമിക ശുശ്രൂഷ കിറ്റ് എന്നിവയുടെ ബില്ല് പഞ്ചായത്തിൽ സമർപ്പിച്ചിട്ടും ഇതുവരെയും ക്യാഷ് ലഭിച്ചിട്ടില്ല .ഏഴ് ഫയലുകളിൽ ആയി 41 സൈറ്റുകൾ സന്ദർശിച്ചു. വലിയ താര ,ചെറിയ താര, മഴക്കുഴി ,കയ്യാല ,വാഴ കുഴി ,തെങ്ങിൻ തടം, പുരയിടം വൃത്തിയാക്കൽ, എന്നിവ പറഞ്ഞിരിക്കുന്ന അളവിലും എണ്ണത്തിലും ചെയ്തിരിക്കുന്നു ചില പുരയിടങ്ങൾ കാടുകയറിയ നിലയിൽ ആയിരുന്നു

**ഡോർ ടു ഡോർ വെരിഫിക്കേഷൻ**

കുറച്ച് തൊഴിലാളികൾക്ക് 100 പണി ലഭിച്ചിട്ടില്ല .എല്ലാ തൊഴിലാളികളെയും ഒരേ പോലെ പരിഗണിക്കണമെന്ന്അഭിപ്രായപ്പെട്ടു. ശ്രീമതി എന്ന തൊഴിലാളി 100 പണി ചെയ്തിട്ടും 99 ദിവസമാണ് അടിച്ചു വന്നത് ,മാറ്റും പറഞ്ഞത് 100 ദിവസം പണി ചെയ്തു എന്നാണ്. മാറ്റിന് എക്സാം നടത്തുന്നതിൽ തൊഴിലാളികൾ അതൃപ്തി രേഖപ്പെടുത്തി .കൂലി സമയത്തിന് ലഭിക്കണം ,പഞ്ചായത്തിൽ ഏൽപ്പിച്ച ബില്ലുകളുടെ പൈസ ഇതുവരെയും ലഭിച്ചിട്ടില്ല അതും ലഭിക്കണമെന്ന് തൊഴിലാളികൾ പറഞ്ഞു .കൂലി 500 രൂപ ആയി വർധിപ്പിക്കണമെന്നും സമയം 4 30 വരെ ആക്കണമെന്നും പറയുന്നു .2015 ൽ ശ്രീകലയ്ക്ക് അപകടം പറ്റി ,ഹോസ്പിറ്റൽ ബില്ല് കൊടുത്തു പക്ഷേ ഇതുവരെയും ക്യാഷ് ലഭിച്ചിട്ടില്ല.

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ**

ഇന്ന് 16- 11 -2019 തീയതി കൃത്യം 10 മണിക്ക് അഴൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡ് ആയ അഴൂർ ഗണപതിയാം കോവിലിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഴൂർ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. തൊഴിലാളികളിൽ ഒരാളായ കുമാരി അധ്യക്ഷസ്ഥാനം കൈവരിച്ചു .ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച ഗ്രാമസഭയിൽ vrp അഖിൽ , vrp മാരായ ലീന, ഉൽപ്രേക്ഷ, ദിവ്യ, മോനിഷ എന്നിവരെയും രാമകൃഷ്ണൻ സാറിനെയും സ്വാഗതം ചെയ്തു .തുടർന്ന് പ്രതിജ്ഞ മോനിഷ ചൊല്ലിക്കൊടുത്തു. തുടർന്ന് vrp ദിവ്യ തൊഴിലാളികൾക്ക് തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും 10 അവകാശങ്ങളെക്കുറിച്ചും വിവരിച്ചുകൊടുത്തു. അടുത്തതായി vrp ലീന .കെ ബാബു ഫയൽ പരിശോധനയും ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചു .ഏഴ് ഫയലുകൾ പരിശോധിച്ച് റിപ്പോർട്ടാണ് തയ്യാറാക്കിയത് .

**<u>DP/268262 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ വർക്ക് 3 (ചന്ദ്രിക)</u>**

**DP/268263 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (ശ്രീകല)**

**DP/268261 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (ഷീല)**

**DP/268260 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ (സുധർമ്മ)**

**DP/271360 അഴൂർ ഹൈ സ്കൂൾ കോമ്പൗണ്ടിലെ ഭൂ വികസന പ്രവർത്തനം**

**DP/277972 വ്യക്തിഗത ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ**

**DP/268264 മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ വർക്ക് 4(ലൈലാ ബീവി).**

റിപ്പോർട്ട് അവതരണത്തിന് ശേഷം ചർച്ചയ്ക്ക് ഉള്ള സമയമായിരുന്നു.

■സുധർമ : സമയം 9 മുതൽ 4 30 വരെ ആകണം ,വേതനം കൂട്ടണം.

■ സിന്ധു: കുട്ടികളെ സ്കൂളിൽ നിന്ന് വിളിക്കുന്നതിനായി അരമണിക്കൂർ മുൻപ് പോകുന്നതിനായി അനുവാദം നൽകണം.

■ സരസ്സപ്പൻ : സുഖമില്ലാത്ത അച്ഛനെ നോക്കാൻ ആയിട്ട് രാവിലെ 10 മണിക്ക് ഉച്ചയ്ക്ക് ഒരു മണിക്കും പോകേണ്ടത് ആയിട്ടുണ്ട്. അതിനുള്ള സമയം നൽകണം.

■ ഷീജ: മാറ്റിന്റെ എക്സാമിൽ അതൃപ്തിയുണ്ട്. പുനർ പരീക്ഷ വേണമെന്ന് അഭിപ്രായപ്പെട്ടു .

■ശ്രീമതി: 100 ദിവസത്തെ പണി ചെയ്തു 99 ദിവസത്തെ വേതനം മാത്രമേ ലഭിച്ചുള്ളൂ.

■മറിയാമ്മ : നൂറുദിവസം പണി പൂർത്തിയാക്കുന്നവർക്ക് ആയിരം രൂപ ബോണസ് ലഭിക്കുന്നു അതുപോലെ അമ്പത് പണി പൂർത്തിയാക്കുന്നവർക്ക് ബോണസ് നൽകണം.

■വസന്ത: കക്കൂസിന് അപേക്ഷ നൽകിയിട്ട് രണ്ടുവർഷമായി ഇതുവരെ അനുവദിച്ചില്ല.

**വാർഡ് മെമ്പറുടെ അഭിപ്രായങ്ങൾ**

■ 100 പണി എല്ലാവർക്കും ലഭിക്കണം

■ റയിൽവയുടെ പണിക്ക് കയ്യുറകൾ,കാലുറകൾ ലഭിക്കണം.

■ ജോലിഭാരം കൂടുതലാണ് .

■ മാറ്റിന്റെ എക്സാം ഒന്നുകൂടി നടത്തണം .

● തുടർന്ന് Ae മറുപടി പറഞ്ഞു.

■ വരുംവർഷങ്ങളിൽ വതേനം വർദ്ധിക്കാൻ സാധ്യതയുണ്ട് .

■ എൻആർഇജി സക്ഷെനിൽ സമയം മാറ്റാൻ കഴിയില്ല. ഉത്തരവ് ഉണ്ടായാൽ നടപ്പാക്കും.

■ ശ്രീമതി എന്ന തൊഴിലാളിയുടെ 100 ദിവസത്തെ പണിയുടെ കാര്യം മസ്റ്റർ റോൾ പരിശോധിച്ചിട്ട് പറയാമെന്ന് പറഞ്ഞു .

■ കക്കൂസിന്റെ ലിസ്റ്റ് വന്നിട്ടുണ്ട് സീനിയോറിറ്റി അനുസരിച്ച് അത് നൽകുന്നതായിരിക്കും.

■ മാറ്റിന്റെ എക്സാം നടത്തുന്നത് ഉത്തരവാദിത്വം ഉള്ള ജോലി ആയതിനാൽ ആണ്. കണക്കും കാര്യങ്ങളും കൃത്യമായി അറിയാവുന്ന ആളാകണം

■ sc യിൽ ഉൾപ്പടെ്ട ഗവൺമൻെറ് ഉദ്യോഗസ്ഥരുടെ പുരയിടം അവസാനഘട്ടത്തിൽ ചയ്യൊം എന്നു പറഞ്ഞു.

■ ശമ്പളം കൂടുന്നത് അനുസരിച്ച് ജോലിഭാരവും കൂടുതലായിരിക്കും

■ മറ്റെീരിയൽ വർക്ക് കൂടി ചയ്യൊൻ ശ്രമിക്കുക

തുടർന്ന് റിപ്പോർട്ട് കയ്യടിച്ച് പാസാക്കി vrp ഉൽപ്രക്ഷേ കൃതജ്ഞത രഖേപ്പടുെത്തി. ദശേീയ ഗാനത്തോടുകൂടി ഗ്രാമസഭ പിരിച്ചു വിട്ടു.

**ന്യൂനതകൾ**

■ cib യ്ക്ക് ചിലവായ തുക ലഭിക്കുന്നില്ല.

- കൃത്യസമയത്തിനുള്ളിൽ കൂലി ലഭിക്കണം.
- നൂറു ദിവസത്തെ പണി ലഭിക്കുന്നില്ല
- ജോലിസമയത്ത് ഉണ്ടായ ചികിത്സാ ചെലവ് കൃത്യമായി ലഭിക്കണം